بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 13.05.16 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*13.05.16 ന് മസ്ജിദ് മഹ്മൂദ് സ്വീഡനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**മസ്ജിദിന്റെ യഥാർഥ സൗന്ദര്യം കെട്ടിടവുമായി ബന്ധപ്പെട്ടതല്ല. മറിച്ച് ആത്മാർഥതയോടുകൂടി നമസ്കരിക്കുന്നവരുമായിട്ടാണ്. മസ്ജിദിനെ ആരാധകരെക്കൊണ്ട് കൂടുതൽ നിറക്കുമ്പോഴാണ് അതിന്റെ നിർമാണത്തിന്റെ കടമയും നിറവേറ്റപ്പെടുന്നത്. സ്വയം ഇവിടെ വന്ന് തങ്ങളുടെ നമസ്കാരത്താൽ ഇതിനെ ജനബാഹുല്യമാള്ള താക്കുകയും തബ്ലീഗ് ചെയ്തു തദ്ദേശവാസികളേയും ഇസ്ലാമിക അധ്യാപനങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യുക.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

അൽഹംദുലില്ലാഹ് ഇന്ന് അല്ലാഹു സ്വീഡൻ (Sweden) അഹ്മദിയ്യാ ജമാഅത്തിന് തങ്ങളുടെ രണ്ടാമത്തെ പള്ളി നിർമിക്കാനുള്ള തൗഫീഖ് നല്കിയിരിക്കുകയാണ്. ഇതിന്റെ പേര് മസ്ജിദ് മഹ്മൂദ് എന്നാണ് വെച്ചിട്ടുള്ളത്. മാശാഅല്ലാഹ് എല്ലാ സ്ത്രീകളും പുരുഷന്മാരും ഈ മസ്ജിദിന്റെ നിർമാണത്തിൽ വലിയ ഇഖ്ലാസിന്റെ പ്രകടനമാണ് കാഴ്ചവെച്ചത്. ഇത് ഒരു വലിയ പദ്ധതിയായിരുന്നു. ഇവിടത്തെ ജമാഅത്ത് ചെറിയ ഒരു ജമാഅത്താണ്. ഈ ഒരർഥത്തിൽ ഇവരെ സംബന്ധിച്ചിടത്തോളം ഇത് ശരിക്കും വലിയൊരു പദ്ധതിതന്നെയായിരുന്നു. വരുമാനമുള്ളവർ അത്യുത്സാഹത്തോടെയും കഴിവിന്റെ പരമാവധിയും സാമ്പത്തിക ത്യാഗം ചെയ്തപ്പോൾ സ്ത്രീകളും കുട്ടികളും പിന്നിലായില്ല. അല്ലാഹുവിന്റെ ഭവനനിർമാണത്തിനായി ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നല്കുന്നതിന്റെ മാതൃക അവർ സ്ഥാപിച്ചു. അഹ്മദികളുടെ ധനത്യാഗം കണ്ട് മനുഷ്യൻ അത്ഭുതപ്പെട്ടുപോകുന്നു. കേവലം ഒരു മസ്ജിദിന്റെ നിർമാണ കാര്യമല്ല. മസ്ജിദുകളുടെ നിർമാണം, നമസ്കാര സെന്ററുകളുടെ നിർമാണവും വാങ്ങലും, മിഷൻ ഹൗസുകളുടെ നിർമാണങ്ങളുടേയും വാങ്ങലുകളുടേയും നിരന്തരമായ പദ്ധതികളും നടന്നു വരുന്നു. ഇത് കൂടാതെയും ഒരുപാട് മറ്റു ചെലവുകളുമുണ്ട്. ലോകത്തെല്ലായിടത്തും ഈ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നു. അതോടൊപ്പം മറ്റു ചന്ദകളുടെ വസൂലിയും നടന്നുകൊണ്ടിരിക്കുന്നു.

എന്തായിരുന്നാലും അഹ്മദിയ്യാ ജമാഅത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനത്യാഗം ചെയ്യാൻ അസ്വസ്ഥരായിരിക്കുന്ന പ്രകൃതക്കാരായ ധാരാളം വ്യക്തികളുണ്ട്. ജമാഅത്തിനും അല്ലാഹുവിനും വേണ്ടി ചെലവഴിക്കുന്നതിനുള്ള ആ ഇസ്ലാമിക ആത്മാവ് ഈ കാലഘട്ടത്തിൽ നബി (സ)തിരുമേനിയുടെ സത്യസന്ധനായ ദാസൻ നമ്മളിൽ ഊതിയിരിക്കുന്നു. ഏതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തംഗങ്ങളുടെ ധനത്യാഗങ്ങളിൽ ആശ്ചര്യം പ്രകടിപ്പിച്ചിരുന്നുവോ ഇന്നും ഞാൻ പറഞ്ഞതുപോലെ ഈ ത്യാഗങ്ങൾ അത്ഭുതപ്പെടുത്തുന്നതാണ്. ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു, അദ്ദേഹത്തിന്റെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുമെന്ന് അല്ലാഹു ചെയ്ത വാഗ്ദാനങ്ങളുടെ പ്രകടനമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ മിക്ക പദ്ധതികളും വക്കാറെ അമലിലൂടെ(ശ്രമദാനം)യാണ് നടക്കാറുള്ളത്. ഇതുകാരണം ചെലവുകളിൽ അല്പം ലാഭവുമുണ്ടാകുന്നു. ഏതായിരുന്നാലും അല്ലാഹു ധനത്യാഗം ചെയ്തവർക്കും ഈ മസ്ജിദിന്റേയും ഈ കോംപ്ലക്സിന്റേയും നിർമാണത്തിൽ ഏതെങ്കിലും വിധത്തിൽ ഭാഗഭാക്കായവർക്കും ഉന്നതമായ പ്രതിഫലം നല്കുമാറാകട്ടെ. വളരെ മനോഹരമായ ഒരു മസ്ജിദാണ് നിർമിച്ചിട്ടുള്ളത്. തദ്ദേശവാസികളും ഇതിന്റെ ഭംഗിയെ പ്രശംസിച്ചുകൊണ്ടിരിക്കുന്നു.

കുട്ടികളും മുതിർന്നവരും കാണിച്ച ത്യാഗാത്മാവിന്റെ പ്രകടനത്തിനുള്ള അല്പംചില ഉദാഹരണങ്ങൾ സമർപിക്കുകയാണ്. 11 വയസ്സുള്ള ഒരു പെൺകുട്ടി മസ്ജിദിനുവേണ്ടി നൂറ് ക്രോണ (krona)ചന്ദ നല്കി. താൻ കുറെ കാലമായി സ്വരൂപിച്ച പോക്കറ്റുമണി മസ്ജിദിന്റെ നിർമാണത്തിന് ചന്ദ നല്കാൻ വന്നതാണെന്ന് ആ കുട്ടി പറഞ്ഞു.

10,11 വയസ്സുള്ള പെൺകുട്ടി, അമീർ സാഹിബിന്റേയോ ചന്ദ വാങ്ങുന്ന സംഘാടകരുടേയോ അടുത്ത് വന്ന് 500 ക്രോണ മസ്ജിദിന്റെ നിർമാണത്തിനായി നല്കിക്കൊണ്ട്, അവളുടെ കൈയിൽ രണ്ട് തത്ത ഉണ്ടായിരുന്നുവെന്നും അവയെ വിറ്റുകിട്ടിയ തുക മസ്ജിദിനുവേണ്ടി നല്കാൻ വന്നതാണെന്നും പറഞ്ഞു. ഈ രാജ്യക്കാർ പെറ്റ് (Pet) അല്ലെങ്കിൽ ഓമന ജന്തുക്കളെ കൂടെവളർത്താൻ വളരെ താൽപര്യം കാണിക്കുന്നവരാണ്. എന്നാൽ, അഹ്മദി പെൺകുട്ടി, ഇവിടത്തെ കുട്ടികളെ പോലെ തന്റെ വളർത്തു മൃഗത്തിന് മുൻഗണന നല്കിയില്ല. മറിച്ച് അല്ലാഹുവിന്റെ ഭവന നിർമാണത്തിന് തന്റെ താൽപര്യത്തേക്കാൾ പ്രാധാന്യം നല്കുകയാണ് ചെയ്തത്. യഥാർഥത്തിൽ, യഥാർഥ നിലയിലുള്ള അനുഭൂതിയും മുൻഗണനയും നല്കേണ്ടത് അല്ലാഹുവിന്റെ പ്രീതിയ്ക്കുതന്നെയാണ്. ഇത് അഹ്മദികൾക്ക് മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. മസ്ജിദിന്റെ നിർമാണത്തിൽ ഭാഗഭാക്കാകുന്നവർ സ്വർഗത്തിൽ തങ്ങളുടെ വീട് നിർമിക്കുകയാ

ണ് ചെയ്യുന്നതെന്ന് നബി(സ)തിരുമേനി പറഞ്ഞതിന്റെ ഗ്രാഹ്യം അവർക്ക് ചെറുപ്പത്തിൽത്തന്നെ ഉണ്ടായിരിക്കുന്നു.

ഒരു പെൺകുട്ടി ഇഅ്തിക്കാഫ് ഇരിക്കുകയായിരുന്നു. അവൾ ഇവിടെയുള്ള സംഘാടകരുമായി ബന്ധപ്പെട്ട് തന്റെ ആഭരണം മസ്ജിദിനുവേണ്ടി സമർപിച്ചു.

മറ്റൊരു വഖ്ഫെ നൗഇൽ അംഗമായ പെൺകുട്ടി തന്റെ മുഴുവൻ ആഭരണവും പോക്കറ്റുമണി എന്ന നിലയിൽ അവൾക്കുകിട്ടിയ തുകയും ഒരു കവറിലിട്ട് കത്തെഴുതി തന്റെ പിതാവിന്റെ തലയണയ്ക്കുകീഴെ വച്ചു. 'എന്റെ കൈയിലുള്ള മുഴുവനുമാണിത്. ഇതല്ലാതെ ഈ മസ്ജിദിനുവേണ്ടി അല്ലാഹുവിന്റെ മുമ്പിൽ സമർപിക്കാൻ എന്റെ കൈയിൽ ഒന്നുമില്ല' അവളെഴുതി.

പുതുതായി വിവാഹം കഴിഞ്ഞ യുവതികളായ പെൺകുട്ടികൾ അവർക്ക് അവരുടെ ആഭരണത്തോടുള്ള താത്പര്യം ഇപ്പോൾ പൂർത്തിയായിട്ടുണ്ടായിരുന്നില്ല, അവരും തങ്ങളുടെ മുഴുവൻ ആഭരണവും മസ്ജിദിന്റെ നിർമാണത്തിനുവേണ്ടി നല്കി. ഒരുപാട് സ്ത്രീകൾ അവരുടെ ഭർത്താക്കന്മാർ മുമ്പേ തന്നെ വലിയ വലിയ വാഗ്ദാനങ്ങൾ ചെയ്യുകയും അത് പൂർണമായും അടച്ച് തീർക്കുകയും ചെയ്തിരുന്നു. ഈ സ്ത്രീകൾ അവരുടെ ആഭരണങ്ങളും സ്വരൂപിച്ചിരുന്ന തുകയും മസ്ജിദിന്റെ നിർമാണത്തിനുവേണ്ടി നല്കി. എന്നോട് പറയുകയുണ്ടായി. രണ്ട് സ്ത്രീകൾ ഇവിടെ സാമ്പത്തിക ത്യാഗത്തിനായി കഴിവില്ലാത്തവരായി ഉണ്ടായിരുന്നു. അതല്ലെങ്കിൽ അവരുടെ കൈയിൽ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ, അവർക്ക് പാകിസ്താനിൽ പിതാവിന്റെ അനന്തരാവകാശമായി വീട് ലഭിച്ചു. അവർ ആ വീട് വിറ്റ് മുഴുവൻ തുകയും-അതിന് അവിടെ ലക്ഷക്കണക്കിന് രൂപയാണ് വില -മസ്ജിദിന്റെ നിർമാണത്തിനുവേണ്ടി നല്കുകയുണ്ടായി.

ഒരു ഖാദിം മസ്ജിദിന്റെ നിർമാണത്തിനായി ഒരു വലിയ സംഖ്യ വാഗ്ദാനം ചെയ്തിരുന്നു. അതിൽ ഒരുഭാഗം അദ്ദേഹത്തിന്റെ ഭാര്യയുടേതായിരുന്നു. എന്നാൽ, നിർഭാഗ്യവശാൽ ഈ ദമ്പതികളുടെ ബന്ധം വേർപെട്ടു. പക്ഷേ, ആ യുവാവ് അക്കാര്യം പറഞ്ഞിരുന്നില്ല. ആ യുവാവ് പറഞ്ഞു, ഞാനാണ് അവൾക്കുവേണ്ടി വാഗ്ദാനം ചെയ്തത്. അതുകൊണ്ട് ബന്ധം വേർപെട്ടിട്ടുണ്ടെങ്കിലും ഞാൻ തന്നെ ഈ വാഗ്ദാനം പൂർത്തിയാക്കുന്നതായിരിക്കും. അങ്ങനെ വാഗ്ദാനം പൂർണമായും നല്കി.

താൽക്കാലിക ജോലിയോ പാർട്ട് ടൈം ജോലിയോ ചെയ്തിരുന്ന മാൽമോ ജമാഅത്തിലെ ഒരു ഖാദിമിനോടു മസ്ജിദ് നിർമാണ വാഗ്ദാനം വർധിപ്പിക്കാൻ പറഞ്ഞപ്പോൾ അദ്ദേഹം പതിനായിരം ക്രോണയിൽ നിന്ന് തന്റെ വാഗ്ദാനം ഒരു ലക്ഷം ക്രോണയായി ഉയർത്തി. അല്ലാഹു ഈ ത്യാഗത്തിന്റെ ഫലമായി അദ്ദേഹത്തിന് പെർമെനന്റ് ജോലിയും നല്കി, മുമ്പത്തേക്കാൾ നല്ല പുതിയ വാഹനം വാങ്ങാനും അദ്ദേഹത്തിന് തൗഫീഖ് നല്കി. ഈ ത്യാഗത്തിന്റെ ആത്മാവ് നമുക്ക് ഒരുപാട് അഹ്മദികളിൽ എല്ലാ സ്ഥലങ്ങളിലും കാണാൻ സാധിക്കും.

ഈ മസ്ജിദിന്റെ സ്ഥലത്തെകുറിച്ചും, നിർമാണത്തെകുറിച്ചും ഇതിന്റെ സൗകര്യത്തെ കുറിച്ചും ചുരുങ്ങിയ നിലയിൽ പറയട്ടെ.

ഈ മസ്ജിദിന്റെ നിർമാണ പദ്ധതി 1999ൽ ആരംഭിച്ചതാണ്. അതായത് കൗൺസിലിന് അപേക്ഷ സമർപിച്ചത് ആ വർഷമായിരുന്നു. ഇതിന് ബഹുമാനപെട്ട ഇഹ്സാനുല്ലാഹ് സാഹിബ് അൻപതിനായിരം ചതുരശ്ര മീറ്റർ സ്ഥലംവാങ്ങി ജമാഅത്തിന് നല്കി. ഈ ഭൂമി ഒരു കുന്നിന്റെ മീതെയാണ്. ഒരു തുറന്ന സ്ഥലത്താണുള്ളത്. ഇതിന് അടുത്തുകൂടെയാണ് മുഖ്യ ഹൈവേ കടന്ന് പോകുന്നത്. ഇത് നോർവയേയും സ്വീഡനേയും മുഴുവൻ യൂറോപ്പുമായി ബന്ധിപ്പിക്കുന്നു. അതുപോലെ നോർവയുടേയും സ്വീഡന്റേയും എല്ലാ വലിയ നഗരങ്ങളേയും ബന്ധിപ്പിക്കുന്നുണ്ട്. ഇത് വളരെ തിരക്കുള്ള ഒരു ഹൈവേ ആണ്. വളരെ ദൂരത്തുനിന്നുതന്നെ മസ്ജിദിന്റെ മനോഹാരിതയും ഉയർന്ന കെട്ടിടവും വന്നും പോയും ഇരിക്കുന്നവർക്കെല്ലാം കാണാൻ സാധിക്കുകയും തൗഹീദിന്റെ സന്ദേശം നല്കുകയും ചെയ്യുന്നു. ഇതിന്റെ നിർമാണത്തിനുശേഷം എല്ലാ അഹ്മദികളേയും തങ്ങളുടെ കടമ നിറവേറ്റുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. തബ്ലീഗിന്റെ മാർഗവുമാക്കട്ടെ. ഈ മസ്ജിദ് എന്നെന്നും തൗഹീദ് പ്രചാരണത്തിനുള്ള മാർഗമായിരിക്കട്ടെ. ഇതിന്റെ യഥാർഥമായ മനോഹാരിത മതപരമായ അധ്യാപനങ്ങളുടെ മനോഹാരിതയാണ്. ഏതൊരു ലക്ഷ്യത്തിനുവേണ്ടിയാണോ ഇത് നിർമിച്ചിരിക്കുന്നത് അത് പ്രകാശിച്ച് തിളങ്ങട്ടെ.

മൊത്തം 2353 ചതുരശ്രമീറ്റർ സ്ഥലത്താണ് ഈ കോംപ്ലക്സ് നില്ക്കുന്നത്. അഞ്ച് കെട്ടിടങ്ങൾ അടങ്ങുന്നതാണിത്. വലിയ കെട്ടിടങ്ങളാണ്. മുഖ്യ മസ്ജിദ്, മഹ്മൂദ് മസ്ജിദാണ്. ഇതിന്റെ വിസ്താരം 1493 ഏകദേശം1500 സ്ക്വയർ മീറ്ററാണ്. സ്പോർട്സ് ഹാൾ 750 സ്ക്വയർമീറ്ററാണ്. ഇത് കൂടാതെ മറ്റ് കെട്ടിടങ്ങളുമുണ്ട്. മസ്ജിദിന് താഴെയും മുകളിലുമായി രണ്ട് ഹാളുണ്ട്. അവ സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ളതാണ്. ഇങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1700 പേർക്ക് ഒരുമിച്ച് നമസ്കരിക്കാൻ സാധിക്കും.

മസ്ജിദിനെ ആരാധകരെക്കൊണ്ട് കൂടുതൽ നിറക്കുമ്പോഴാണ് അതിന്റെ നിർമാണത്തിന്റെ കടമയും നിറവേറ്റപ്പെടുന്നത്. സ്വയം ഇവിടെ വന്ന് തങ്ങളുടെ നമസ്കാരത്താൽ ഇതിനെ ജനബാഹുല്യമാള്ളതാക്കുകയും തബ്ലീഗ് ചെയ്തു തദ്ദേശവാസികളേയും ഇസ്ലാമിക അധ്യാപനങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യുക. ഈ കാര്യങ്ങൾ തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മളോടു ഒരു സ്ഥലത്ത് പറഞ്ഞിട്ടുള്ളത്.

ഹദറത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

'ഇപ്പോൾ നമ്മുടെ ജമാഅത്തിന് മസ്ജിദുകളുടെ വലിയ ആവശ്യമുണ്ട്. ഇത് അല്ലാഹുവിന്റെ ഭവനങ്ങളാണ്. ഏതൊരു ഗ്രാമത്തിലാണോ അല്ലെങ്കിൽ നഗരത്തിലാണോ നമ്മുടെ ജമാഅത്തിന്റെ മസ്ജിദ് സ്ഥാപിതമാകുന്നത് അവിടെ ജമാഅത്തിന്റെ പുരോഗതിയുടെ തറക്കല്ലിട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കുക. മുസ്ലിംകൾ കുറവോ ഇല്ലാത്തതോ ആയ ഏതെങ്കിലും ഗ്രാമമോ പട്ടണമോ ഉണ്ടെങ്കിൽ, അവിടെ ഇസ്ലാമിന്റെ പുരോഗതി ഉണ്ടാക്കണമെങ്കിൽ ഒരു മസ്ജിദ് നിർമിച്ചു കൊടുക്കേണ്ടതാണ്. പിന്നീട് അല്ലാഹു സ്വയം മുസ്ലിംകളെ വലിച്ചുകൊണ്ടു വന്നുകൊള്ളും. അതായത് മറ്റു മുസ്ലിംകളും വരുന്നതായിരിക്കും. ഇവിടത്തെ തദ്ദേശവാസികളെക്കൊണ്ടും

അംഗസംഖ്യ വർധിക്കുന്നതാണ്. പക്ഷേ, പറഞ്ഞു, മസ്ജിദ് നിർമാണത്തിൽ നിയ്യത്ത് ആത്മാർഥതയോടുകൂടിയതായിരിക്കണം എന്നതാണ് നിബന്ധന. അല്ലഹുവിനുവേണ്ടിമാത്രം അത് നിർമിക്കുക. സ്വാർഥപരമായ ഏതെങ്കിലും ഉദ്ദേശ്യമോ ഏതെങ്കിലും ദ്രോഹമോ ഒരിക്കലും അതിൽ ഉണ്ടാവരുത്, അപ്പോഴായിരിക്കും അല്ലാഹു അനുഗ്രഹം ചൊരിയുക. ഈ നിബന്ധനയെ കുറിച്ച് എല്ലായ്പ്പോഴും എല്ലാവരും ചിന്തിക്കേണ്ടതാണ്. നിയ്യത്തിൽ പൂർണമായ ഇഖ്ലാസ് ഉണ്ടായിരിക്കണം. ഒരു വിധത്തിലുള്ള ദ്രോഹവും കുഴപ്പവും മനസ്സുകളിൽ ഉണ്ടാവരുത്. പൂർണമായും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടിമാത്രം ത്യാഗം ചെയ്യുകയും, മസ്ജിദ് നിർമിക്കുകയും, മസ്ജിദിനെ ജനബാഹുല്യമാക്കുകയും ചെയ്യുക. അങ്ങനെയെങ്കിൽ പരിധിയില്ലാതെ അനുഗ്രഹം പതിക്കുന്നതായിരിക്കും.

പരസ്പരം ഐക്യവും യോജിപ്പും ഉണ്ടാക്കുക. ഇതിന് അല്ലാഹു പറഞ്ഞുതന്നിരിക്കുന്ന മാർഗത്തിലൂടെ ചരിക്കുക. ഇതിന് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമസ്കാരവും മസ്ജിദും ഉദ്ധരിച്ചുകൊണ്ട് നമ്മെ ഉപദേശിച്ചത് ഞാൻ സമർപിക്കുകയാണ്. ആ മഹാത്മാവ് പറയുന്നു:

സംഘടിത നമസ്കാരത്തിൽ പ്രതിഫലം വെച്ചിരിക്കുന്നതിന്റെ പിന്നിലുള്ള ഉദ്ദേശ്യം അത് മുഖേന ഐക്യം ഉണ്ടാകുന്നു എന്നതാണ്. പിന്നീട് ആ ഐക്യത്തെ കർമപരമായി നടപ്പിലാക്കുന്നതിന് എത്രത്തോളം നിർദേശവും താക്കീതുമാണോ നല്കിയിട്ടുള്ളത്-പരസ്പരം പാദങ്ങൾ തുല്യമായിരിക്കുക, സ്വഫ്ഫിൽ നില്ക്കുമ്പോൾ ഒപ്പത്തിന് ഒപ്പം കാലുകൾ വെക്കുക, കാലിന്റെ മടമ്പ് ഒരേ ലൈനിൽ ആയിരിക്കുക, സ്വഫ് നേരേയായിരിക്കുക, പരസ്പരം തോളോടുതോൾച്ചേർന്ന് നില്ക്കുക-അതിന്റെ ഉദ്ദേശ്യം ഒരൊറ്റമനുഷ്യനെപോലെയാകുക എന്നതാണ്. അതായത് ഒരാളാണെന്ന് തോന്നണം. ഒരാളുടെ പ്രകാശങ്ങൾ മറ്റൊരാളിലേക്ക് പ്രവഹിക്കണം. ചിലരിൽ ആത്മീയത കൂടുതൽ ആയിരിക്കും, ചിലരിൽ കുറവായിരിക്കും. അവിടന്ന് പറയുന്നു, ആ ആത്മീയതയുടെ പ്രകാശം പരസ്പരം നിങ്ങളിൽ പ്രവഹിപ്പിക്കുക. അഹം എന്നഭാവവും സ്വാർഥതയും മൂലം ഉണ്ടാകുന്ന വേർതിരിവ് ഉണ്ടാകരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹം ഇതായിരുന്നു. സ്വാർഥതയും സ്വന്തം കാര്യം നോക്കലും പൂർണമായും ഇല്ലാതാവുകയും ഒന്നായിത്തീരുകയും ചെയ്യുക. പറയുന്നു, ഇത് നല്ലവണ്ണം ഓർത്തുകൊള്ളുക. മനുഷ്യനിൽ മറ്റുള്ളവരുടെ പ്രകാശം ആകർഷിച്ചെടുക്കാനുമുള്ള ശക്തിയുണ്ട്. ഈ ഐക്യത്തിനുവേണ്ടിയാണ് നിത്യേനയുള്ള നമസ്കരം മഹല്ലിലെ മസ്ജിദിലും, ഒരാഴ്ച കഴിഞ്ഞാൽ നഗരത്തിലെ മസ്ജിദിലും വർഷത്തിനുശേഷം ഈദ്ഗാഹിലും ഒരുമിച്ച് കൂടി നമസ്കരിക്കാൻ കല്പനയുള്ളത്. ലോകം മുഴുവനുമുള്ള മുസ്ലിംകൾ വർഷത്തിൽ ഒരിക്കൽ ബയ്ത്തുല്ലായിൽ ഒരുമിച്ച് കൂടുക. ഈ എല്ലാ കല്പനകളുടേയും ഉദ്ദേശ്യം അതേ ഐക്യംതന്നെയാണ്. നമസ്കാരം മുതൽ ഹജ്ജുവരെ എത്രത്തോളം കല്പനകളുണ്ടോ, ആരാധനകളുണ്ടോ അതിന്റെ ഉദ്ദേശ്യമെന്താണ്? മുസ്ലിംകൾ ഒരൊറ്റസമൂഹം ആയിത്തീരുക! നിർഭാഗ്യവശാൽ ഇപ്പോൾ ഏറ്റവും കൂടുതൽ ഭിന്നിപ്പും പിളർപും കുഴപ്പവുമുള്ളത് മുസ്ലിംകളിലാണ്. ഈ ഒരു മാതൃക സ്ഥാപിക്കേണ്ടതും ഇസ്ലാമിന്റെ യഥാർഥമായതും മനോഹരമായതുമായ അധ്യാപനത്തെകുറിച്ച് ലോകത്തിന് പറഞ്ഞ് കൊടുക്കേണ്ടതും നമ്മൾ അഹ്മദികളാണ്.

വീണ്ടും അവിടന്ന് പറയുന്നു,

'മസ്ജിദിന്റെ യഥാർഥ സൗന്ദര്യം കെട്ടിടവുമായി ബന്ധപ്പെട്ടതല്ല. മറിച്ച് ആത്മാർഥതയോടുകൂടി നമസ്കരിക്കുന്നവരുമായിട്ടാണ്. നബി(സ)തിരുമേനിയുടെ മസ്ജിദ് ചെറുതായിരുന്നു. ഈന്തപ്പന ഓലകൾകൊണ്ടാണ് അതിന്റെ മേല്ക്കുര പണിതിരുന്നത്. മഴയുണ്ടാകുമ്പോൾ മേല്കുരചോർന്ന് വെള്ളം ഇറ്റിറ്റു വീഴുമായിരുന്നു. മസ്ജിദിന്റെ ശോഭ നമസ്കാരക്കാരുമായിട്ടണ്. മസ്ജിദുകളെ കുറിച്ചുള്ള കല്പന തഖ്വക്ക് വേണ്ടി അവ നിർമിക്കുക എന്നുള്ളതാണ്. നമ്മൾ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ചെയ്തിരിക്കുന്ന എല്ലാ പ്രവർത്തികൾക്കും ശേഷം, ഏതെങ്കിലും ഒരു ലക്ഷ്യം കരസ്ഥമാക്കിക്കഴിഞ്ഞാൽ നമ്മൾ നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യത്തിൽ അശ്രദ്ധരായിപ്പോകുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടതാണ്. നമ്മൾ മനോഹരമായ ഒരു മസ്ജിദ് നിർമിച്ചതോടെ നമ്മുടെ നിർബന്ധകടമ ചെയ്തുതീർന്നുവെന്ന് മനസ്സിലാക്കരുത്. അതോടെ എല്ലാ ജോലിയും കഴിഞ്ഞുവെന്നും വിചാരിക്കരുത്. ഈ മസ്ജിദിന്റെ നിർമാണത്തിനു ശേഷം നമ്മുടെ യഥാർഥ ജോലി ഇപ്പോൾ ആരംഭിച്ചിട്ടേയുള്ളൂ. നമ്മൾ ഇബാദത്തിന്റെ കടമ നിറവേറ്റണമെന്ന കാര്യം എപ്പോഴും ഓർമവെക്കേണ്ടതാണ്. മസ്ജിദുകളുടെ ജനവാസം വർധിപ്പിക്കുന്നതുകൊണ്ടാണ് ആരാധനയുടെ ഏറ്റവും കൂടുതൽ കടമ നിറവേറ്റപ്പെടുന്നത്.

മറ്റൊരു രിവായത്തിൽ നബി(സ) തിരുമേനി പറഞ്ഞു, ഏതൊരാളാണോ രാവിലേയും വൈകുന്നേരവും മസ്ജിദിലേക്ക് പോകുന്നത് അല്ലാഹു അയാൾക്ക് സ്വർഗത്തിൽ അതിഥിസൽക്കാരത്തിനുള്ള സംവിധാനം ഒരുക്കുന്നതാണ്. മസ്ജിദിൽ വരുന്നവർ അല്ലാഹുവിന്റെ അതിഥികളായിട്ടാണിരിക്കുന്നത്. ഈ മസ്ജിദിന്റെ നിർമാണത്തിന്റെ നന്ദിപ്രകടനം നാം മുമ്പത്തേക്കാൾ ഉപരിയായി പരസ്പരം സ്നേഹം പ്രകടിപ്പിച്ചും ചെയ്യേണ്ടതാണ്. ഇവിടെ താമസിക്കുന്ന നിങ്ങളെല്ലാവരും ചെയ്യേണ്ടതാണ്. ലോകത്തിന്റെ ഏത് കോണിൽ താമസിക്കുന്ന അഹ്മദികളും മസ്ജിദിൽ പോകുമ്പോൾ മസ്ജിദുകളോടുള്ള ഈ കടമയും നിറവേറ്റുക. ഈ മസ്ജിദ് നിർമാണത്തിനുശേഷം നിങ്ങൾ ഇസ്ലമികാ ധ്യാപനങ്ങൾ അനുസരിച്ച് നിങ്ങളുടെ മാതൃക മുമ്പത്തേക്കാളധികം ജനങ്ങൾക്ക് കാണിച്ചുകൊടുക്കേണ്ടതാണ്. അതിനെക്കുറിച്ച് അവർക്ക് അറിവ് നല്കേണ്ടതാണ്.

പള്ളി നിർമിക്കുന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിലുള്ള വിശ്വാസമാണ്. മനുഷ്യൻ എല്ലാവിധത്തിലുള്ള ശിർക്കിൽ നിന്നും, തന്നെ സുരക്ഷിതമാക്കി വെക്കുമ്പോഴായിരിക്കും അല്ലാഹുവിലുള്ള വിശ്വാസം പരിപൂർണമാകുക. എല്ലാ വസ്തുക്കളും തരുന്നവൻ അല്ലാഹുവാണെന്ന് മനസ്സിലാക്കുക. പിന്നീടാണ് ആഖിറത്തിലുള്ള വിശ്വാസം. അതിന്റെ വിശദീകരണങ്ങളുണ്ട്. ആഖിറത്തിനെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ വരുന്നുണ്ട്. എന്നാൽ, മനുഷ്യൻ ആഖിറത്ത് ദുൻയാവിനെക്കാൾ ഉത്തമമാണെന്ന കാര്യത്തിൽ മാത്രം ചിന്തിക്കുകയാണെങ്കിൽ ഭൗതികമായ നിസാര കാര്യങ്ങൾ സ്വായത്തമാക്കു

ന്നതിന് വേണ്ടി തന്റെ മുഴുവൻ കഴിവും ശക്തിയും ചെലവഴിക്കുന്നതിനുപകരം ആഖിറത്തിന്റെ അനുഗ്രഹങ്ങളുടെ അവകാശിയായി തന്നെ മാറ്റുന്നതിനുവേണ്ടി പരിശ്രമിക്കുന്നതായിരിക്കും.

അല്ലാഹു ഒരു സ്ഥലത്ത് പറയുന്നു, **വലദാറുൽ ആഖിറത്തി ഖയ്റുല്ലില്ലദീനത്തഖൗ**(12:109) പരലോകത്തിലെ ഭവനം തഖ്‌വ സ്വീകരിച്ചവർക്കുവേണ്ടിയാണ്. അത് തീർച്ചയായും ഉത്തമമാണ്.

മസ്ജിദ് നിർമിച്ചുകൊണ്ട് ഇപ്പോൾ ഒരു ഭവനം വിശ്വാസി ഉണ്ടാക്കുന്നു. എന്നാൽ ഈ ഭവനത്തിന്റെ ജനവാസം, മസ്ജിദിന്റെ ജനവാസം തഖ്‌വയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് മസ്ജിദിന്റെ നിർമാണത്തിന്റെ കടമയും തഖ്‌വയിലൂടെ നടക്കുന്നതിലൂടെ ആയിരിക്കും നിറവേറ്റപ്പെടുക. തഖ്‌വയെ കുറിച്ച് ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

'മുത്തഖി ആയിത്തീരുന്നതിന് ഈ കാര്യം അത്യാവശ്യമാണ്. വലിയ പാപത്തിനുശേഷം ഉദാഹരണമായി, വ്യഭിചാരം, മോഷണം, അവകാശധ്വംസനം, ആളുകളുടെ അവകാശം പിടിച്ചടക്കൽ. പ്രദർശനപരത, എടുത്തുചാട്ടം, നിന്ദ്യരായികാണൽ, പിശുക്ക്, എന്നിവ പൂർണമായും ഉപേക്ഷിച്ച്, ദുസ്വഭാവങ്ങൾ വെടിഞ്ഞ് തൽസ്ഥാനത്ത് ഉന്നതസ്വഭാവ ഗുണങ്ങളിൽ അഭിവൃദ്ധിപ്പെടുക. ചീത്തയും മോശവുമായ സ്വഭാവങ്ങൾ, ദുസ്വഭാവങ്ങൾ ഉപേക്ഷിക്കുക. ഉന്നതവും മഹത്തരമായതുമായ സ്വഭാവഗുണങ്ങളെ സ്വായത്ത മാക്കുക. മാത്രമല്ല മറിച്ച് അതിൽ പുരോഗതി കൈവരിക്കുകയും ചെയ്യുക.' പറയുന്നു: 'ജനങ്ങളോട് നല്ല നിലയിൽ പെരുമാറുക. ആളുകളോട് സൽസ്വഭാവത്തോടും നല്ല നിലയിലും, സഹാനുഭൂതിയോടും കൂടി പെരുമാറുക. ഇതാണ് സൽസ്വഭാവം, ഇതാണ് തഖ്‌വ. ജനങ്ങളോട് സ്നേഹത്തോടും സഹാനുഭൂതിയോടും കൂടി പെരുമാറുക. നല്ല സ്വഭാവത്തോടുകൂടി പെരുമാറുക. അവരോട് സഹാനുഭൂതി കാണിക്കുക. അവർ ആരാണ് എന്ന് നോക്കാതെ, എല്ലാവരോടും അവർ മുസ്ലിംകളായാലും, അമുസ്ലിംകളായാലും, സ്വന്തക്കാരായാലും, അന്യരായാലും. അല്ലാഹുവിനോട് സത്യസന്ധമായ ആത്മാർത്ഥതയും വിശ്വസ്തതയും കാണിക്കുക. സേവനത്തിന്റെ ഉന്നത സ്ഥാനം അന്വേഷിക്കുക. അല്ലാഹുവിന്റെ പ്രീതിയുടെ ദൃഷ്ടി പതിക്കുന്ന വിധത്തിലുള്ള ജോലികൾ ചെയ്യുക. ഈ കാര്യങ്ങൾ കൊണ്ടാണ് മനുഷ്യൻ മുത്തഖി എന്ന് പറയപ്പെടുക. ഞാൻ പറഞ്ഞതുപോലെ നമ്മുടെ ഉത്തരവാദിത്വം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഈ മസ്ജിദിന്റെ ഉത്തരവാദിത്വം നിറവേറ്റുന്നതിനുവേണ്ടി നാം നമ്മുടെ ഉള്ളിൽ ഒരു വലിയ വിപ്ലവം ഉണ്ടാക്കിയെടുക്കേണ്ടിയിരിക്കുന്നു. പിന്നീട് നമസ്കാരം നിലനിറുത്തുന്ന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. അഞ്ചുനേരമുള്ള ജമാഅത്തായിട്ടുള്ളതാണ് നമസ്കാരം. ഈ മസ്ജിദിന്റെ മനോഹാരിതയും നമസ്കാരക്കാരുടെ എണ്ണത്തിലാണ്. പൂർണമായും അല്ലാഹുവിനെ ആരാധിക്കാൻ ആഗ്രഹിക്കുന്നവരായ നമസ്കാരക്കാരുടെ പെരുമയിലാണ്. അല്ലെങ്കിൽ നമസ്കരിക്കുന്നവരുടെ വർധനവിലാണ്.

പിന്നീട് സക്കാത്തിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട്, ദരിദ്രരോടുള്ള കടമ നിറവേറ്റുന്നതിലേക്കും ശ്രദ്ധക്ഷണിച്ചു. അല്ലാഹു വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലും സക്കാത്ത് നല്കുന്നതിലേക്കും തങ്ങളുടെ ധനം ചെലവഴിക്കുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. സക്കാത്ത് പ്രത്യേകമായ നിലയിൽ എടുത്ത് പറഞ്ഞ് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. സക്കാത്തിന് ഖിലാഫത്തിന്റെ വ്യവസ്ഥിതിയുമായും ഒരർത്ഥത്തിൽ വളരെ അഗാധമായ ബന്ധമുണ്ട്. ഇസ്തിഖ്‌ലാഫിന്റെ ആയത്തിൽ ഖിലാഫത്ത് വ്യവസ്ഥിതിയെ കുറിച്ചുള്ള മാർഗ ദർശനവും പ്രവചനവും നല്കിയതോടൊപ്പം അതിന് തൊട്ടടുത്ത ആയത്തിൽ നമസ്കാരം നിലനിറുത്തുന്നതിലേക്കും സക്കാത്ത് നല്കുന്നതിലേക്കുമാണ് അല്ലാഹു ശ്രദ്ധക്ഷണിച്ചിരിക്കുന്നത്. ദീനിന് പ്രബലത ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) മുഖേനയാണ് ലഭിക്കേണ്ടത്. ലഭിക്കേണ്ടിയിരുന്നത്. ലഭിച്ചിട്ടുള്ളത്. കാരണം അവിടന്ന് നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസൻ എന്ന നിലയിലാണ് ലോകത്ത് വന്നിട്ടുള്ളത്. അല്ലാഹു അദ്ദേഹത്തെ അയച്ചതുതന്നെ ഇസ്ലാമികാധ്യാപനങ്ങളുടെ യഥാർഥ മാതൃക സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. ഇസ്ലാമിന് നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുന്നതിനുവേണ്ടിയാണ്. അവിടന്ന് ഖാത്തമുൽഖുലഫായുമാണ്. ഇസ്ലാമിന്റെ മനോഹാരിത എന്താണെന്ന് ലോകത്തിന് പറഞ്ഞുകൊടുക്കുക. അങ്ങയുടെ വരവിന്റെ ഉദ്ദേശം തന്നെ ലോകം ഇസ്ലാമിന്റെ മനോഹാരിത കാണുന്നവരാകുക എന്നതാണ്. ഞാൻ പാരായണം ചെയ്ത രണ്ടാമത്തെ ആയത്ത് സൂറത്തുൽ ഹജ്ജിലേതാണ്. അതിൽ അല്ലാഹു പ്രബലത നല്കുന്ന ആളുകൾക്ക് പ്രബലത ലഭിക്കുമ്പോൾ അവർ ഏതെല്ലാം പ്രത്യേകതക്ക് അർഹരായിത്തീരുന്നുവോ അതിനെകുറിച്ചാണ് പറഞ്ഞിരിക്കുന്നത്. അതിൽ നമസ്കാരത്തിന്റെ നിലനിർത്തൽലുണ്ട്, സക്കാത്ത് നല്കലുണ്ട്, നല്ല കാര്യങ്ങൾ പ്രചരിപ്പിക്കലുണ്ട്, ചീത്തക്കാര്യങ്ങളെ തടയലുണ്ട്, ഈ കാലഘട്ടത്തിൽ ആരു മുഖേനയാണോ പ്രബലത ലഭിക്കേണ്ടിയിരുന്നത്, ഖിലാഫത്ത്‌വ്യവസ്ഥിതിയും അദ്ദേഹത്തിലൂടെയാണ് ആരംഭിക്കേണ്ടിയിരുന്നത്, അത് ആരംഭിക്കുകയും ചെയ്തു. ഇന്ന് മുഴുവൻ ലോകത്തും അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് ശരിയായ ഇസ്ലാമിക അധ്യാപനങ്ങൾ പ്രചരിപ്പിക്കുന്ന ഖിലാഫത്ത് വ്യവസ്ഥിതി നിലവിലുള്ളത്. അത് അല്ലാഹുവിന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിച്ച് കൊണ്ടിരിക്കുന്നു.

ഓരോ അഹ്മദിയുടേയും വലിയ ഉത്തരവാദിത്വമാണ് ഈ കാര്യങ്ങളെ കുറിച്ച് ചിന്തിക്കുക എന്നത്. ഈ ലക്ഷ്യത്തെ മനസ്സിലാക്കുക. ഇതിനായി തങ്ങളുടെ പ്രതിജ്ഞകളെ പൂർത്തിയാക്കിക്കൊണ്ട്, തങ്ങളുടെ ചിന്തകളെ അല്ലാഹുവിന്റെ പ്രീതിക്ക് അനുസൃതമാക്കിത്തീർക്കാൻ എല്ലായ്പ്പോഴും പരിശ്രമിക്കുക.

നമ്മൾ ഇക്കാര്യങ്ങൾ മനഃസ്സിലാക്കുന്നവരാകനും അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നവരും മസ്ജിദിന്റെ കടമയും തബ്‌ലീഗിന്റെ കടമയും നിറവേറ്റുന്നവരാകാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. സാമ്പത്തിക ത്യാഗത്തിന്റെ നൈമിഷികമായ ആവേശം മാത്രമല്ല, നമ്മളിൽ ഉണ്ടാവേണ്ടത്. മറിച്ച് ആത്മീയ പുരോഗതിയുടെ സുസ്ഥിരമായ ആവേശം നമ്മുടെ അവസ്ഥകളിൽ ഉണ്ടാകുന്നവരും നിലനിറുത്തുന്നവരും ആയിത്തീരട്ടെ. ഈ കാലഘട്ടത്തിന്റെ ഇമാമും നബി (സ) തിരു

മേനിയുടെ സത്യസന്ധനായ ദാസനുമായി നാം ചെയ്ത ബയ്അത്തിന്റെ പ്രതിജ്ഞ പൂർത്തിയാക്കാൻ നമുക്ക് സാധിക്കട്ടെ. അല്ലാഹു എല്ലാവർക്കും ഇതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.ആമീൻ.


Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Masjid Mahmood, Sweden – on 13.05.16
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516



<u>If Undelivered Please Return To</u>
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala